JAGRATHA 94

Vol-3, N0:20
27-05- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. തെരഞ്ഞെടുപ്പ് ഫലം : സത്യത്തിന്റെയും ധാർമ്മികതയുടെയും വിജയം - ബിഷപ് സ്റ്റാൻലി റോമൻ
02. ജനാധിപത്യത്തിന്റെ വിജയത്തിൽ സന്തോഷം: സി.ബി.സി.ഐ
03. സഭ ജീവിക്കുന്നത് യുവജനങ്ങളിലൂടെ: മാർ ക്ലീമിസ് കാതോലിക്കാ ബാവ
04. തെരഞ്ഞെടുപ്പ് ഫലം ധിക്കാരത്തിനുള്ള തിരിച്ചടി: കത്തോലിക്കാ കോൺഗ്രസ്
05. തെരഞ്ഞെടുപ്പ് ഫലത്തിന്റെ പാഠമുൾക്കൊള്ളുക: കാത്തലിക് ഫെഡറേഷൻ
06. സഭയെ അവഹേളിച്ചവർക്ക് തെരഞ്ഞെടുപ്പിൽ തിരിച്ചടി കിട്ടി: കെ.സി.വൈ.എം

## 01. തെരഞ്ഞെടുപ്പ് ഫലം : സത്യത്തിന്റെയും ധാർമ്മികതയുടെയും വിജയം - ബിഷപ് സ്റ്റാൻലി റോമൻ

കേരളത്തിലെ ലോകസഭാ തെരഞ്ഞെടുപ്പ് ഫലം സത്യത്തിന്റെയും ധാർമ്മികതയുടെയും വിജയമാണെന്ന് കെ.സി.ബി.സി വിദ്യാഭ്യാസ, ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ പ്രസ്താവിച്ചു. പൊതുതെരഞ്ഞെടുപ്പിൽ ക്രൈസ്തവ സമൂഹം ഉത്തരവാദിത്വ ബോധത്തോടെ തങ്ങളുടെ അവകാശം നിർവ്വഹിച്ചതിൽ ബിഷപ് സന്തോഷവും വിശ്വാസ സമൂഹ ത്തോട് നന്ദിയും രേഖപ്പെടുത്തി. ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാർ സഭാവിശ്വാസികൾക്ക് നൽകിയ ബോധവത്ക്കരണം തെരഞ്ഞെടുപ്പിൽ നിർണ്ണായകമായി. കഴിഞ്ഞ മൂന്നു വർഷക്കാലം ക്രൈസ്തവ സമൂഹത്തെ ഇല്ലാതാക്കുവാൻ ശ്രമിച്ചവർക്ക് ജനങ്ങൾ തങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിലൂടെ നൽകിയ തിരിച്ചടിയാണ് പൊതുതെരഞ്ഞെടുപ്പ് ഫലം. സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങൾക്ക് അതിന്റേതായ പ്രാധാന്യവും ബഹുമാനവും സഭാമക്കൾ നൽകുന്നുവെന്നതിന് വ്യക്തമായ തെളി വാണ് ക്രൈസ്തവ സമൂഹം താമസിക്കുന്ന സ്ഥലങ്ങളിൽ പോളിംഗ് ശതമാനം താരതമ്യേന കൂടി യതും തെരഞ്ഞെടുപ്പ് ഫലം പ്രതിഫലിപ്പിക്കുന്നതും. കേരളം പ്രതീക്ഷിച്ച ഒരു തെരഞ്ഞെടുപ്പ് ഫലം എന്നു മാത്രമേ ഇതിനെ വിശേഷിപ്പിക്കാൻ സാധിക്കൂ. മൂന്നു വർഷത്തെ ഭരണത്തിലൂടെ ഇടതുപക്ഷം ചോദിച്ചു വാങ്ങിയ തെരഞ്ഞെടുപ്പ് ഫലം എന്നും ഇതിനെ വിശേഷിപ്പിക്കാം.

ഭരണത്തിലേറിയതുമുതൽ ക്രൈസ്തവസമൂഹത്തോട് വൈരാഗ്യ ബുദ്ധിയോടെ പ്രതികാരം ചെയ്യുന്നു എന്നു തോന്നിപ്പിക്കുന്ന നിരവധി സംഭവങ്ങളുണ്ടായി. ക്രൈസ്തവ സഭാ മേലധ്യക്ഷന്മാ രെയും സഭാപ്രവർത്തനങ്ങളെയും അവഹേളിക്കുന്ന പ്രസ്താവനകളും പ്രവർത്തനങ്ങളുമുണ്ടായി. വിദ്യാലയങ്ങളെ രാഷ്ട്രീയവത്കരിച്ച് തകർക്കുന്നതിനുള്ള ശ്രമങ്ങൾ വലിയൊരു വിഭാഗം ജനങ്ങ ളുടെ എതിർപ്പിനു കാരണമായി. മതമില്ലാത്ത ജീവൻ, എന്ന പാഠഭാഗം ഉൾപ്പെടുത്തി മാസങ്ങളോളം വിദ്യാഭ്യാസമേഖലയെ കപാലഭൂമിയാക്കി. ഏകജാലകത്തിലൂടെ ആയിരക്കണക്കിന് വിദ്യാർഥികളുടെ ഉന്നതപഠനം ഇല്ലാതാക്കി. മുറിവ് എന്ന സിഡി പുറത്തിറക്കി മതവികാരം വ്രണപ്പെടുത്തി. നിയമപരി ഷ്ക്കരണകമ്മീഷന്റെ ശിപാർശകൾ ക്രൈസ്തവ സമൂഹത്തെ ഇല്ലാതാക്കാനുള്ള നീക്കത്തിന്റെ ഭാഗ മായിരുന്നു.പുഷ്പഗിരി മെഡിക്കൽ കോളജ് അടിച്ചു തകർത്തത് ഉൾപ്പെടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ നിരവധി പ്രതികാര നടപടികളാണ് ഇടതുപക്ഷ വിദ്യാർത്ഥിപ്രസ്ഥാനം നട ത്തിയത്.

അവരെ തടയുന്നതിനോ, അത്തരം പ്രവർനങ്ങളെ അപലപിക്കുന്നതിനോ മുഖ്യമന്ത്രിയോ മന്ത്രിമാരോ ഒരു ശ്രമവും നടത്തിയില്ല. ഇതെല്ലാം സഭാവിശ്വാസികളെ വേദനിപ്പിച്ചു. കേരളത്തിലെ ജനസംഖ്യ യിൽ 19 ശതമാനം വരുന്ന ക്രൈസ്തവരുടെ വികാരം ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്.

ഇതെല്ലാം സൂക്ഷ്മമായി വിചിന്തനം ചെയ്യുന്ന ജനങ്ങൾ തങ്ങളുടെ വികാരം സ്വാഭാവികമായും പ്രകടിപ്പിച്ചതാണ് തെരഞ്ഞെടുപ്പ് ഫലം ഇത്രയും ഏകപക്ഷീയമാകാൻ കാരണം. സ്വാഭാവികമായും ക്രൈസ്തവ സഭാ നേതൃത്വവും വിശ്വാസികളും ഇടതുഭരണത്തിൽ ആശങ്കാകുലരായിരുന്നു. സഭാ നേതൃത്വം തങ്ങളുടെ ആശങ്ക സഭാമക്കളുമായി പങ്കുവെയ്ക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതിന്റെ സൂചകങ്ങൾ കൂടിയായിരുന്നു ഈ തെരഞ്ഞെടുപ്പ് ഫലം.

കേരളത്തിലെ ക്രൈസ്തവരെ പൂർണമായും അവഗണിച്ചുകൊണ്ടും ചവിട്ടിമെതിച്ചുകൊണ്ടും അധികാരാന്ധതയിലും ധാർഷ്ട്യത്തിലും ആർക്കും മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് ബോധ്യപ്പെ ടുത്താനുള്ള ബാധ്യത ക്രൈസ്തവ സമൂഹത്തിനുണ്ട്. അതിനുള്ള പ്രബോധനങ്ങൾ നൽകാൻ സഭാ നേതൃത്വത്തിന് കടമയുണ്ട്. അതും ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്.

ഈ തെരഞ്ഞെടുപ്പ് ഫലം ഒരു സൂചകമാണ്. സഭാനേതൃത്വത്തിന്റെ വാക്കുകൾക്ക് സഭാമ ക്കൾ നൽകുന്ന പ്രാധാന്യത്തിന്റെയും ബഹുമാനത്തിന്റെയും സൂചകമാണിത്. സഭയുടെ കൂട്ടായ്മ യാണിത് കാണിക്കുന്നത്. സഭയ്ക്കെതിരെയുള്ള എത്ര വലിയ എതിർപ്പുകളെയും കൂട്ടായ്മയിലൂടെ മറികടക്കാൻ ക്രൈസ്തവ സഭയ്ക്കു സാധിക്കും എന്നതിന്റെ സൂചകം കൂടിയാണ് ഈ തെരഞ്ഞെ ടുപ്പ് ഫലം. ഈ സൂചകം അതിന്റേതായ അർത്ഥഗൗരവത്തിൽ ഉൾക്കൊള്ളാൻ ഭരണനേതൃത്വത്തിന് സാധിക്കണം. സഭാസ്ഥാപനങ്ങളെ ഇല്ലാതാക്കുന്നതിനുള്ള പരിശ്രമങ്ങളിൽ നിന്നും സഭാപിതാക്ക ന്മാരെയും പുരോഹിതരെയും സന്യസ്തരെയും അവഹേളിക്കുന്നതിനുള്ള ശ്രമങ്ങളിൽ നിന്നും മാറി നിന്നുകൊണ്ട് സാമുദായിക സൗഹാർദ്ദം നിലനിറുത്തിയുള്ള പ്രവർത്തനങ്ങളിലൂടെ മതന്യൂനപക്ഷ ങ്ങളുടെ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാവണം. എല്ലാ തോൽവികളും ചില തെറ്റുകൾ തിരുത്തുന്നതിനും സ്വയം ആത്മപരിശോധന നടത്തുന്നതിനുമുള്ള അവസരമായി കാണണമെന്നും ബിഷപ് സ്റ്റാൻലി റോമൻ അഭിപ്രായപ്പെട്ടു.

## 02. ജനാധിപത്യത്തിന്റെ വിജയത്തിൽ സന്തോഷം: സി.ബി.സി.ഐ

ജനാധിപത്യത്തിന്റെ വിജയത്തിൽ സഭയ്ക്ക് അതിയായ സന്തോഷമുണ്ടെന്നു തെരഞ്ഞടുപ്പ് വിജയത്തെക്കുറിച്ച് സി.ബി. സി. ഐ പ്രതികരിച്ചു. ജനാധിപത്യത്തിന്റെ വിജയം സഭയുടെയും വിജയമാണ് – സി.ബി. സി.ഐ സെക്രട്ടറി ജനറൽ ആർച്ച് ബിഷപ് സ്റ്റനിസ്ലാവസ് ഫെർണാണ്ടസ് പറഞ്ഞു. ക്രൈസ്തവരടെയും മതന്യൂന പക്ഷങ്ങളുടെയും വിജയമാണിത്. ഒറീസയും, ഗുജറാത്തും ഇനിയെങ്കിലും ആവർത്തിക്കാതിരിക്കട്ടെ എന്ന് ഭാരത സഭ ആഗ്രഹിക്കുന്നു. കോൺഗ്രസിന്റെ വിജയത്തിനൊപ്പം ഇതൊരു വെല്ലുവിളികൂടിയാണ് മതേതരമൂല്യങ്ങളെ സംരക്ഷിക്കാത്തവർ നാളെ ചവറ്റുകുട്ടയിലെറിയപ്പെടും, കണ്ടമാലിലും, കർണാടകയിലും ക്രൈസ്തവർ ആക്രമിക്കപ്പെട്ടപ്പോൾ തങ്ങളുടെ പെട്ടിയിൽ വീഴുന്ന വോട്ടുകളെപ്പറ്റിയാണ് രാഷ്ട്രീയ നേതൃത്വം ചിന്തിച്ചത്. ഭുവനേശ്വർ ആർച്ച് ബിഷപ്പ് റവ ഡോ: റാഫേൽ ചീനാത്ത് പറഞ്ഞു. ക്രൈസ്തവന്റെ വേദനക്കുള്ള മറുപടിയാണ് തെരഞ്ഞെടുപ്പ് വിജയമെന്ന് ഡൽഹി സഹായമെത്രാൻ റവ ഡോ: ഫ്രാങ്കോ മുളയ്ക്കൽ അഭിപ്രായപ്പെട്ടു. ജനാധിപത്യവും മതേതരത്വവും ആഗ്രഹിച്ച് അതിനായി പ്രവർത്തിച്ച സാധാരണക്കാരായ ജനതയെ സഭ ആദരിക്കുന്നു. വികസനവും ജനക്ഷേമ പദ്ധതികളുമാണ് രാജ്യത്തിന് വേണ്ടത് ഭിന്നതയും കലഹവുമല്ല; പുതിയ സർക്കാരിന് കത്തോലിക്കാ സഭ പൂർണ്ണ പിന്തുണ നൽകുന്നു -ബിഷപ് ഫ്രാങ്കോ പറഞ്ഞു. സാധാരണക്കാന്റെ പ്രതീക്ഷകൾക്കൊത്ത് പ്രവർത്തിക്കാൻ അവർക്ക് കഴിയട്ടെ. കോൺഗ്രസ് നേതൃത്വം നൽകുന്ന മതേതര മുന്നണിയെ വിജയിപ്പിച്ചതിൽ തങ്ങൾ ഈ നാട്ടിലെ ജനങ്ങളെ അഭിനന്ദിക്കുന്നു, അഖിലേന്ത്യ ക്രിസ്ത്യൻ കൗൺസിൽ പ്രസിഡണ്ട് ഡോ: ജോൺ ദയാൽ പറഞ്ഞു. ഹൈന്ദവ ഫാസിസം പുതിയ ഇരകളെ തേടുമ്പോൾ തെരഞ്ഞെടുപ്പ് ഫലം എന്തുകൊണ്ടും ആശ്വാസമാണെന്ന് ഡോ: ദയാൽ അഭിപ്രായപ്പെട്ടു.

### 03. സഭ ജീവിക്കുന്നത് യുവജനങ്ങളിലൂടെ: മാർ ക്ലീമിസ് കാതോലിക്കാ ബാവ

രാഷ്ട്ര പുനർനിർമാണത്തിനുള്ള പ്രവർത്തനങ്ങൾ യുവജനങ്ങൾ നടത്തുമ്പോൾ അതിലൂടെ പ്രതിഫലിക്കുന്നത് സഭയുടെ മുഖമാണെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മലങ്കര കാത്തലിക് യൂത്ത്മൂവ്മെന്റ് ഗ്ലോബൽ മീറ്റ് 2009 തിരുവല്ല ബോധനയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രതിസന്ധികളുടെ പേരിൽ അടിസ്ഥാന സമീപനങ്ങളിൽ മായം ചേർക്കുന്നത് ഭീരുത്വമാണെന്നു കാതോലിക്കാ ബാവ പറഞ്ഞു. സഭയുടെ മുഖം ലോകത്തിനു വെളിപ്പെടേണ്ടത് യുവജനങ്ങളിലൂടെയാകണം. വിശ്വാസത്തിൽ അധിഷ്ഠിതമായ യുവജനസമൂഹം ലോകത്തിനു നന്മ ചെയ്യുന്നതിലൂടെ ക്രിസ്തുവിന്റെ മറന്നതോ മറച്ചതോ ആയ മുഖമാണ് തിരിച്ചറിയുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 'യുവജനം നേരിടുന്ന കാലിക പ്രതിസന്ധിയും പരിഹാര മാർഗവും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് എജി പാറപ്പാട്ട് പങ്കെടുത്തു.

### 04. തെരഞ്ഞെടുപ്പ് ഫലം ധിക്കാരത്തിനുള്ള തിരിച്ചടി: കത്തോലിക്കാ കോൺഗ്രസ്

ഈശ്വരവിശ്വാസികളെ ധിക്കാരത്തോടെ അപമാനിച്ച ഇടതു നേതൃത്വത്തിന് ജനങ്ങൾ തെരഞ്ഞെടുപ്പിലൂടെ മറുപടി നൽകിയിരിക്കുകയാണെന്ന് കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന ദ്വിദിന നേതൃസമ്മേളനം വിലയിരുത്തി. ഈശ്വരവിശ്വാസത്തിനും സനാതന ധാർമിക മൂല്യങ്ങൾക്കും എതിരായി ഉണ്ടാവുന്ന ഏതു രാഷ്ട്രീയ നീക്കത്തെയും ശക്തമായി നേരിടുമെന്നും കത്തോലിക്കാ കോൺഗ്രസ് നേതൃസമ്മേളനം രാഷ്ട്രീയ പ്രമേയത്തിലൂടെ മുന്നറിയിപ്പു നൽകി.

### 05. തെരഞ്ഞെടുപ്പ് ഫലത്തിന്റെ പാഠമുൾക്കൊള്ളുക: കാത്തലിക് ഫെഡറേഷൻ

വിദ്യാഭ്യാസ മന്ത്രിയുടെ തലതിരിഞ്ഞ നയങ്ങൾക്കും ക്രൈസ്തവ സഭയെ വിദ്യാഭ്യാസ മേഖലയിൽനിന്നും തുടച്ചുനീക്കാനുള്ള ശ്രമങ്ങൾക്കും കിട്ടിയ തിരിച്ചടിയാണ് തെരഞ്ഞെടുപ്പ് ഫലമെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് യോഗം വിലയിരുത്തി. ക്രൈസ്തവ മതമേലധ്യക്ഷന്മാരോട് ഇനിയും കേരളത്തിലാണ് ജീവിക്കേണ്ടതെന്ന് ഓർമ്മിപ്പിച്ചവർക്ക് ഇത് കേരളം തന്നെയാണെന്ന് തെരഞ്ഞെടുപ്പ് ഫലത്തിലൂടെ വ്യക്തമായെന്നും യോഗം ചൂണ്ടിക്കാണിച്ചു.

### 06. സഭയെ അവഹേളിച്ചവർക്ക് തെരഞ്ഞെടുപ്പിൽ തിരിച്ചടി കിട്ടി: കെ.സി.വൈ.എം

ക്രൈസ്തവ സഭയെ അവഹേളിക്കുകയും ആതുരശുശ്രൂഷാ രംഗത്തും വിദ്യാഭ്യാസ രംഗത്തും സഭ നല്കുന്ന സേവനങ്ങളെ വിലയിടിക്കുകയും സഭയെ പൊതുജന മധ്യത്തിൽ താറടിച്ചു കാണിക്കാൻ നികൃഷ്ടജീവി പ്രയോഗം നടത്തുകയും ചെയ്തവർക്ക് തെരഞ്ഞെടുപ്പിൽ ജനം തിരിച്ചടി നല്കിയെന്ന് കെ.സി.വൈ.എം വടക്കഞ്ചേരി ഫൊറോനാസമിതി യോഗം വിലയിരുത്തി. തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് അനുരഞ്ജനവുമായി ബിഷപ് ഹൗസുകളും ദേവാലയങ്ങളും കയറിയിറങ്ങിയവർ സഭാവിശ്വാസികളെയും പിതാക്കന്മാരെയും നിരന്തരം അവഹേളിക്കുകയും ഭിന്നിപ്പിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് സ്വപ്നം കാണുകയും ചെയ്തത് വൃഥാവിലായി. സൽഭരണം നടത്താൻ നൂറുസീറ്റ് നല്കി അധികാരത്തിലേറ്റിയ ജനങ്ങളെ എല്ലാ മേഖലയിലും തഴഞ്ഞ് ഗ്രൂപ്പ് രാഷ്ട്രീയം കളിച്ചവർക്ക് നേരിട്ട തിരിച്ചടിയിൽ മാർക്സിസ്റ്റ് പാർട്ടി വീണ്ടുവിചാരത്തിന് തയാറാകണം. ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ പുതിയ സർക്കാരിന് കഴിയട്ടെയെന്നു യോഗം പറഞ്ഞു.